ഉത്തരം

(എ-ഡി) വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ മറുപടി നൽകുവാൻ നിർവ്വാഹമില്ല.

വിദ്യാഭ്യാസ ലോൺ അനുവദിക്കാത്ത ബാങ്കുകൾക്കെതിരെ നടപടി

75 (137) ശ്രീ. വി. എസ്. സുനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ ലോൺ അനുവദിക്കുന്നതിന് പൊതുമേഖലാ ബാങ്കുകൾ വിദ്യാർത്ഥികളുടെ രക്ഷിതാക്കളോട് അനാവശ്യമായ തടസ്സവാദം ഉന്നയിക്കുകയും ലോൺ കൊടുക്കാതിരിക്കുകയും ചെയ്യുന്ന നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ലോൺ നൽകാത്ത ബാങ്കുകൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ധാരാളം പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത് സംബന്ധിച്ച് രക്ഷകർത്താക്കളുടെയും വിദ്യാർത്ഥികളുടെയും പരാതികൾ, സംസ്ഥാനതല ബാങ്കിംഗ് സമിതി മുഖേന ബാങ്കുകളുടെ മേലധികാരിയുടെ ഓഫീസുമായി ബന്ധപ്പെട്ട്, ധൃതഗതിയിൽ പരിഹാരം കാണാറുണ്ട്. കൂടാതെ, വിദ്യാഭ്യാസ വായ്പ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി, സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ഒരു ജില്ലാതല മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി എല്ലാ മാസവും യോഗം ചേർന്ന് ഈ രംഗത്ത് നിലനിൽക്കുന്ന പരാതികൾക്ക് തീർപ്പുകൽപ്പിക്കാറുണ്ട്.

സി-ഡിറ്റിൽ ഉത്തരവിന് വിരുദ്ധമായി നടപ്പിലാക്കിയ തസ്തികാ പുനർനാമകരണം

76 (139) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിൽ ജി.ഒ.(എംഎസ്.) നമ്പർ 6/2010/ഐ&പി.ആർ.ഡി. തീയതി 8-9-2010 ഉത്തരവിനു വിരുദ്ധമായി പത്തൊൻപതു ജീവനക്കാർക്ക് നൽകിയ തസ്തികാ പുനർനാമകരണം റദ്ദാക്കാൻ എന്തു നടപടി സ്വീകരിച്ചു ;

(ബി) 2000 മുതൽ പ്രസ്തുത ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചതുവരെയുള്ള എല്ലാ റീ ഡെസിഗ്നേഷനുകളും, പ്രമോഷനുകളും റദ്ദാക്കാൻ ഉള്ള നടപടി സ്വീകരിക്കുന്നതിനു പകരം അതിന് കടകവിരുദ്ധമായി പ്രവർത്തിച്ച സി-ഡിറ്റിലെ അധികൃതർ ആരെല്ലാമാണ് ;

(സി) പ്രസ്തുത അധികൃതരുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) പരിശോധിക്കുന്നതാണ്.

സി-ഡിറ്റ് ഉദ്യോഗസ്ഥർ വിദേശയാത്രയ്ക്ക് കണക്കിൽ കവിഞ്ഞ പണം ചെലവഴിച്ചതിന്മേലുള്ള നടപടികൾ

77 (140) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിലെ രജിസ്ട്രാറും രണ്ട് ഉന്നത ഉദ്യോഗസ്ഥരും 2007-ൽ നടത്തിയ വിദേശയാത്രയ്ക്ക് കണക്കിൽകവിഞ്ഞ പണം ചെലവഴിച്ചതായുള്ള സി&എ.ജി.യുടെ കണ്ടെത്തലിനെത്തുടർന്ന് പ്രസ്തുത തുക തിരിച്ചുപിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) 2008-ലും 2009-ലും 2010-ലും ഇതേ ഉദ്യോഗസ്ഥർ മൂന്നു തവണ കൂടി വിദേശയാത്രകൾ നടത്തിയപ്പോഴും കണക്കിൽ കവിഞ്ഞ് പണം ചെലവഴിച്ച് സി-ഡിറ്റിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) ഈ വിദേശയാത്രകൾ നടത്തിയ മൂന്ന് പേരിൽ എത്ര പേർ സി-ഡിറ്റിലെ താൽക്കാലിക ജീവനക്കാരാണ് ഇവരുടെ പേര് വിവരം നൽകുമോ ;

(ഡി) ഗുരുതരമായ ഈ സംഭവങ്ങളിൽ മേൽനടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) സർക്കാരിന്റെ 27-10-2007-ലെ ജി.ഒ(ആർ റ്റി) നം.220/07/ഐ&പി. ആർ. നമ്പർ ഉത്തരവുപ്രകാരം സി-ഡിറ്റ് രജിസ്ട്രാർ, ഹോളോഗ്രാഫിക് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ, ഹോളോഗ്രാഫിക് ഡിവിഷൻ ടീം ലീഡർ എന്നിവർക്ക് ഹോംങ്കോംഗിൽ വച്ച് 30-10-2007, 31-10-2007, 1-11-2007 എന്നീ തീയതികളിൽ നടന്ന 6-ാമത് ഏഷ്യൻ ഐ സെക്യൂരിറ്റി പ്രിന്റിംഗ് കോൺഫറൻസിൽ പങ്കെടുക്കാൻ അനുമതി നൽകിയിരുന്നു. ടി. സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ച ദിവസത്തെക്കാൾ 3 ദിവസം കൂടുതലായി എടുത്തത് അംഗീകരിക്കാൻ പറ്റില്ലെന്നാണ് സി&ഏ.ജി. പറഞ്ഞിട്ടുള്ളത്. അധികമായി എടുത്ത 3 ദിവസം ഹോങ്കോംഗിലേക്കുള്ള യാത്രയ്ക്കും തിരികെയുള്ള യാത്രയ്ക്കുമാണെന്ന് കാണിച്ച് ആഡിറ്റ് പരാമർശത്തിനുമേലുള്ള നടപടി അവാസാനിപ്പിക്കാൻ ഏ.ജി.-ക്ക് കത്ത് നൽകിയിരുന്നു. ആയതിനുള്ള മറുപടി ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല.

(സി) ഒരാൾ ശ്രീ. സാജൻ അമ്പാടിയിൽ (ടീം ലീഡർ) ഹോളോഗ്രാഫിക്ക് ഡിവിഷൻ-കരാർ വ്യവസ്ഥയിൽ

(ഡി) ബാധകമല്ല